(എ) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര മാനദണ്ഡങ്ങൾമൂലം പ്രയാസങ്ങൾ നേരിടുന്നുണ്ടോ ;

(ബി) എങ്കിൽ അക്കാര്യം കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) കേന്ദ്ര പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി ആവശ്യമായ സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുമോ ;

(ഡി) നിർത്തലാക്കുന്ന കേന്ദ്രപദ്ധതികളുടെ തുടർപ്രവർത്തനം സംസ്ഥാന പദ്ധതികളുമായി യോജിപ്പിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സംസ്ഥാന വിഹിതം ആവശ്യമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന വിഹിതം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) നിർത്തലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

55 (2688) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പദ്ധതിയിലും ലഭ്യമായ തുകയെത്രയെന്ന് വർഷം, ഇനം, വകപ്പ് തിരിച്ച് ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ യഥാസമയം പൂർത്തിയാകാത്തത് കൊണ്ട് കേരളത്തിന് ഏതെങ്കിലും പദ്ധതികൾ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പട്ടിക അനുബന്ധം (എ) ആയി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പദ്ധതിയിലും വകയിരുത്തിയ തുക സംബന്ധിച്ച വിവരം അനുബന്ധം (ബി) ആയി നൽകുന്നു.*

(സി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ യഥാസമയം പൂർത്തിയാകാത്തതു കൊണ്ട് കേരളത്തിന് പദ്ധതികളൊന്നും നഷ്ടപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കേരള പരിപ്രേക്ഷ്യ പദ്ധതി 2030

56 (2689) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നോർഡിക് രാജ്യങ്ങളായ ഫിൻലാന്റ്, നോർവ്വേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി' കൈവരിക്കുകയാണ് പദ്ധതി പരിപ്രേക്ഷ്യം 2030-ന്റെ ദൗത്യം. സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട്. സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധ മായി നൽകിയിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly